-

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - വിദേശത്ത് ജോലിയിലിരിക്കെ, മലപ്പുറം ജില്ലയിലെ പാങ്ങ് ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പി.എസ്.സി മുഖാന്തരം നിയമനം ലഭിച്ച ശ്രീ.നബീൽ.എം.ടി-ക്ക് ഗൾഫ് മേഖലയിൽ നിലനിന്നിരുന്ന യുദ്ധ സാഹചര്യത്തിൽ യഥാസമയം ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തതിനാൽ പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ.(കൈ)നം. 120 /2026/പൊവിവ          തീയതി, തിരുവനന്തപുരം     09/ 07/2026.

---

പരാമർശം:-
1. സ.ഉ.(അച്ചടി)നം.15/2020/ഉഭപവ, തീയതി 28/10/2020
2. മലപ്പുറം ജില്ലാ പി.എസ്.സി ആഫീസറുടെ 26/07/2025-ലെ MR2-1/4/2021-KPSC-DOMLPM നമ്പർ നിയമന ശുപാർശ
3. മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29/08/2025-ലെ DDEMPM/9896/2025-A5 നമ്പർ ഉത്തരവ്
4. ശ്രീ.നബീൽ.എം.ടി-യുടെ 17/09/2025-ലെ അപേക്ഷ
5. സർക്കാരിന്റെ 12/10/2025-ലെ 215/യു1/2025 നമ്പർ കത്ത്
6. ശ്രീ.നബീൽ.എം.ടി -യുടെ 24/12/2025-ലെ അപേക്ഷ
7. സർക്കാരിന്റെ 04/03/2026-ലെ 215/യു1/2025 നമ്പർ കത്ത്
8. ശ്രീ.നബീലിന്റെ 01/04/2026-ലെ അപേക്ഷ
9. സർക്കാരിന്റെ 26/05/2026-ലെ 215/യു1/2025 നമ്പർ കത്ത്
10. ശ്രീ.നബീൽ.എം.ടി -യുടെ 2/06/2026- ന് ലഭിച്ച അപേക്ഷ

**ഉത്തരവ്**

വിദേശത്ത് ജോലിയിലിരിക്കെ ശ്രീ. നബീൽ എം.ടി-യ്ക്ക് പരാമർശം-(2) പ്രകാരമുള്ള നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പരാമർശം(3) ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ പാങ്ങ് ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളിൽ ഓഫീസ് അറ്റൻഡന്റായി നിയമനം നൽകിയിരുന്നു. വിദേശത്ത് ജോലി ചെയ്യുന്നതിനാൽ ജോലിയിൽ പ്രവേശിക്കാൻ 120 ദിവസം ദീർഘിപ്പിച്ചു നൽകുവാൻ ആവശ്യപ്പെട്ട് ടിയാൾ പരാമർശം (4) പ്രകാരം 17/09/2025 ന് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൽ പരാമർശം (1) ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുവാൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് പരാമർശം (5) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആവശ്യപ്പെട്ട തീയതിയിൽ ശ്രീ. നബീൽ എം.ടി ക്ക് വിദേശത്തുനിന്ന് എത്താൻ

സാധിക്കാത്തതിനാൽ 20/08/2026 വരെ പ്രവേശന കാലാവധി ദീർഘിപ്പിച്ച നൽകുവാൻ പരാമർശം (6) പ്രകാരം 24/12/2025 ൽ വീണ്ടും അപേക്ഷ നല്കുകയുണ്ടായി. പരാമർശം (1) ഉത്തരവ് പ്രകാരം വിദേശ തൊഴിൽ ദാതാവുമായുള്ള കരാർ ഉടമ്പടി അപേക്ഷകൻ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാന്റെ അപേക്ഷ നിരസിക്കുകയും കത്ത് ലഭിച്ച് പത്ത ദിവസത്തിനകം ജോലിയിൽ പ്രവേശിക്കുവാൻ പരാമർശം (7) പ്രകാരം 04/03/2026-ന് അപേക്ഷകന് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

2. എന്നാൽ സർക്കാർ നിർദ്ദേശം 30/03/2026-ന് ആണ് അപേക്ഷകന് ലഭിച്ചതെന്നും ആയതിനാൽ അന്നുമുതൽ 20 ദിവസത്തേയ്ക്ക് കൂടി ജോയിനിംഗ് ടൈം നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (8) പ്രകാരം അപേക്ഷകൻ 01/04/2026-ന് അപേക്ഷ സമർപ്പിച്ചിരുന്നു.വിദേശതൊഴിൽ ദാതാവുമായുള്ള കരാർ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ആറുമാസത്തിൽ കൂടുതൽ ഇത്തരത്തിൽ പ്രവേശന സമയം ദീർഘിപ്പിച്ച നൽകുവാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാലും ശ്രീ.നബീൽ എം.ടി. സമർപ്പിച്ച അപേക്ഷ പരാമർശം (9) പ്രകാരം സർക്കാർ നിരസിച്ചിരുന്നു.

3. മിഡിൽ ഈസ്റ്റിൽ പെട്ടെന്നുണ്ടായ യുദ്ധസാഹചര്യങ്ങൾ കാരണം വിദേശത്ത് കുടുങ്ങിപ്പോയതിനാലാണ് നിശ്ചിത സമയത്തിനകം മടങ്ങിയെത്തി ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തതെന്നും അപേക്ഷകൻ 19/04/2026-ന് ഇന്ത്യയിൽ തിരിച്ചെത്തിയിട്ടുണ്ടെന്നും അപേക്ഷകന്റെ നിയന്ത്രണത്തിന് അതീതമായ ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് മാനുഷിക പരിഗണന മുൻനിർത്തി എത്രയും വേഗം ജോലിയിൽ പ്രവേശിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷകൻ പരാമാർശം(10) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദേശത്ത് ജോലിയിലിരിക്കെ, പരാമർശം (2) പ്രകാരം നിയമന ശിപാർശ ലഭിച്ച് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരാമർശം (3) ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ പാങ്ങ് ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.നബീൽ.എം.ടി.-ക്ക് ഗൾഫ് മേഖലയിൽ നിലനിന്നിരുന്ന യുദ്ധസാഹചര്യത്തിൽ യഥാസമയം ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തതിനാൽ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 3(iv)-ൽ ഇളവ് നൽകി, അപേക്ഷകന്റെ സീനിയോരിറ്റി കണക്കാക്കുന്നത് KS &SSR രണ്ടാം ഭാഗം ചട്ടം 27(സി)യുടെ ഒന്നാം പ്രൊവിസോ പ്രകാരമായിരിക്കുമെന്ന വ്യവസ്ഥയിൽ

സർക്കാർ നിർദ്ദേശം ലഭിച്ച് അടുത്ത പ്രവൃത്തി ദിവസം തന്നെ ജോലിയിൽ പ്രവേശിക്കുവാൻ നിർദ്ദേശം നൽകി അതു വരെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നല്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ഡി. സജിത്ത് ബാബു ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഉപ ഡയറക്ടർ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ശ്രീ.നബീൽ.എം.ടി,മണ്ണിൽത്തൊടി (H),കുണ്ടുവഴി, മൈത്ര.പി.ഒ.മലപ്പുറം-673639
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുഭരണ എസ്.സി വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ